# ജറുസലെം ദൈവരാജ്യം

JERUSALEM RETREAT CENTRE THALORE

2024 മാർച്ച് 1 വാല്യം 11 ലക്കം 6





പട്ടത്തച്ചൻ

# ഉത്ഥിതൻ

## എല്ലാ കഴിവുകളുടേയും ഉറവിടം



ദൈവത്തിന്റെ ആത്മാവ് ഒരുവനിൽ വന്നുനിറയുമ്പോൾ പുണ്യജീവിതം ആരംഭിയ്ക്കുകയായി. ലോകത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന മനസ്സിനെ സ്വർഗ്ഗത്തിലേയ്ക്ക് തിരിക്കുക എന്നതാണ് സുകൃതജീവിതം. ''യേശു അവരോട് പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും'' (യോഹ 8:12). വെളിച്ചത്തിൽനിന്ന് പിൻവാങ്ങുന്നവർ ഇരുട്ടിലേയ്ക്കാണ് മുങ്ങുന്നത്. ദൈവത്തോട് അടുക്കുംതോറും ദൈവസ്വഭാവം നമ്മിൽ നിറയാൻ തുടങ്ങും. സൃഷ്ടവസ്തുക്കളിൽനിന്ന് തിരിഞ്ഞ് സ്രഷ്ടാവിൽ ലയിക്കാൻ തുടങ്ങും. ദൈവത്തിൽനിന്ന് അകലുംതോറും പൈശാചികശക്തികൾ നമ്മിൽ നിറയാൻ തുടങ്ങും. വൈദ്യുതി എന്ന ശക്തിയിൽനിന്ന് ശക്തി സ്വീകരിച്ചുകൊണ്ടാണ് ബൾബ്, മിക്സി, ഫാൻ, ടി. വി., സംഗീത ഉപകരണങ്ങൾ ഇങ്ങനെ നിരവധി കാര്യങ്ങൾ പ്രവർത്തിപ്പിക്കുന്നത്. പ്രവർത്തികൾ പലതെങ്കിലും ഉറവിടശക്തി ഒന്നുതന്നെ. അതുപോലെ മനുഷ്യന്റെ എല്ലാ കഴിവുകളുടെയും ഉറവിടം ദൈവമാണ്.

വൈദ്യുതിയുമായുള്ള ബന്ധമാണ് പ്രവൃത്തികൾക്ക് പ്രേരകമായ ഊർജ്ജം. ദൈവവുമായുള്ള ബന്ധമാണ് എല്ലാ സാധ്യതകളെയും ഉണർത്തുന്ന ശക്തി. ഈ ബന്ധം നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. എത്ര തിരക്കിലും ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടാൽ എല്ലാം തീർന്നു. സാവൂളിന്റെ ഹൃദയം എത്ര പെട്ടെന്നാണ് അസൂയയിലേയ്ക്കും വെറുപ്പിലേയ്ക്കും മന്ത്രവാദത്തിലേയ്ക്കും ആത്മഹത്യയിലേയ്ക്കും വലിച്ചിഴയ്ക്കപ്പെട്ടത്. യൂദാസിന്റെ ഹൃദയം എത്ര പെട്ടെന്നാണ് മുപ്പതു വെള്ളിക്കാശിലേയ്ക്ക് വശീകരിക്കപ്പെട്ടത്. ഒരുകാലത്ത് ആത്മാവിൽ ജ്വലിച്ചവർ ബുദ്ധിയിലും വിവേകത്തിലും അജയ്യരായവർ വിവേകം നഷ്ടപ്പെട്ട് പൈശാചിക കെണിയിൽ അകപ്പെട്ടുപോകുന്നത് നാം കാണുന്നില്ലേ? നമ്മുടെ ആത്മാവിനെ നമുക്ക് രക്ഷിക്കാൻ ദൈവം നൽകിയിരിക്കുന്ന മഹാദാനമാണ് ബുദ്ധി. ബുദ്ധിയിൽ നിന്നുത്ഭവിക്കുന്ന വിവേകവും വിവേചനവും പിശാച് നശിപ്പിക്കാൻ ശ്രമിയ്ക്കും. നന്മതിന്മകളെക്കുറിച്ചുള്ള വിവേചനം നഷ്ടപ്പെട്ടാൽ വികാരങ്ങളാൽ നയിക്കപ്പെടുന്ന ജഡികമനുഷ്യരായി നാം മാറും.

പാപത്തിലൂടെ സമ്പാദിക്കുന്നത്
ആപത്തിലൂടെ നഷ്ടപ്പെടും.

ദ്രോഹിച്ച് സമ്പാദിക്കുന്നത്
രോഗത്തിലൂടെ നഷ്ടപ്പെടും.

അന്യായമായി സമ്പാദിക്കുന്നത്
തലമുറകൾക്ക് അനുഭവിക്കാൻ സാധിക്കാതെ വരും.
സ്വർഗ്ഗമെന്ന സുന്ദരസ്വപ്നം ഉള്ളിൽ നിറയട്ടെ.

അനുഗ്രഹത്തിന്റെ കാലാവധി തീരുമ്പോൾ അനുഗ്രഹദാതാവിനെ മറക്കാതിരിക്കട്ടെ. ഈശോയോടുള്ള സ്നേഹവും ഈശോയിലുള്ള വിശ്വാസവും ആശ്രയബോധവും പ്രാർത്ഥനയും വചനവായനയും തീക്ഷ്ണതരമാക്കിക്കൊണ്ട് മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിച്ച് ഉത്ഥാനത്തിന്റെ സന്തോഷത്തിലേയ്ക്ക് പ്രവേശിയ്ക്കാം. ഈശോയെപ്രതി ഈ അമ്പതുനാൾ ഉപേക്ഷിച്ച തോണിയും വലയും കടലും മീൻകച്ചവടവും വീണ്ടും ആഗ്രഹിക്കരുത്. ഉത്ഥാനം ചെയ്ത യേശുവിനെപ്രതി ഈശോയോടുള്ള സ്നേഹത്തെപ്രതി സുകൃതങ്ങളുടെ താഴ്വാരങ്ങളിൽ നമ്മുടെ കാല്പാടുകൾ പതിയട്ടെ. ഉത്ഥാനത്തിന്റെ മംഗളങ്ങൾ ഏവർക്കും ഏകുന്നു.

Fiat Mission HIS VISION, OUR MISSION

''നിങ്ങൾ ലോകമെങ്ങും പോയി,
എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ.'' (മർക്കോസ് 16:15)

മിഷനെ അറിയാനും സ്നേഹിക്കാനും വളർത്താനുമായി
ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന

5-ാമത് മിഷൻ കോൺഗ്രസ്

2024 ഏപ്രിൽ 10-14

ജറുസലെം ധ്യാനകേന്ദ്രം, തൃശൂർ

ഏവർക്കും സ്വാഗതം





മിഷൻ അവാർഡ് സെറിമണി | മിഷൻ ഗാതറിംഗ്സ് | മീറ്റ് ദ ബിഷപ്പ്

മിഷൻ എക്സിബിഷൻ ഏപ്രിൽ 10 - 14 വരെ | വൈദിക ധ്യാനം ഏപ്രിൽ 10 - 14 വരെ | മിഷൻ ധ്യാനം ഏപ്രിൽ 10 - 14 വരെ | മെഗാ മിഷൻ ഡേ ഏപ്രിൽ 12 വെള്ളി | ദിവ്യകാരുണ്യ സൗഖ്യ ആരാധന ഏപ്രിൽ 12 വെള്ളി



പഠനപരീക്ഷ വിജയത്തിന്റെ
ആത്മീയമർമ്മം

## MIRACLE PRAYER

കർത്താവായ ഈശോയെ, എന്നെയും എന്റെ പഠനത്തെയും പഠനഗൃഹത്തെയും പരീക്ഷകളെയും പരീക്ഷാമണിക്കൂറുകളെയും പരീക്ഷാഹാളിനെയും ഉത്തരകടലാസുകളെയും പരീക്ഷാപേപ്പർ പരിശോധിക്കുന്ന അദ്ധ്യാപകരെയും പഠനോപകരണങ്ങളെയും തിരുമുമ്പിൽ സമർപ്പിക്കുന്നു. പരിശുദ്ധാത്മാവേ, എന്നിൽ വന്നു നിറയണമെ. ഉന്നതവിജയം നൽകി അനുഗ്രഹിക്കണമേ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. (ഹെബ്രാ.13: 8)

# ശക്തിപ്പെടുത്തിയ ഈശോനാഥൻ



**ആലീസ് ഡേവീസ്,** വടക്കൻ ഹൗസ്, വെണ്ടൂർ

''ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി. അവിടുന്ന് എന്റെ ആത്മാവിൽ ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി'' (സങ്കീ. 138:3). തിരുവചനം ശക്തിപകർന്ന നാളുകളിലൂടെയാണ് ഞങ്ങൾ കടന്നുപോയത്. സൗഖ്യദായകനായ ജറുസലെം നാഥന്റെ അത്ഭുത സ്പർശനത്താൽ ലഭിച്ച സൗഖ്യത്തിന്റെ സാക്ഷ്യവുമായാണ് ഞാൻ ഇന്ന് അൾത്താരയിൽ നിൽക്കുന്നത്. എന്റെ ചേച്ചിയുടെ മകൾക്ക് ആഗസ്റ്റ് 9-ാം തീയതി റോഡ് ക്രോസ്സ് ചെയ്യുമ്പോൾ ബൈക്ക് തട്ടി തെറിച്ചുവീണ് ബോധം പോയി. അവിടെനിന്ന് എലൈറ്റ് ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെ സി. ടി. സ്കാൻ ചെയ്തു. അപ്പോൾ ഇന്റേണൽ ബ്ലീഡിംഗ് ആയിരുന്നു. വീണ്ടും രാത്രി സ്കാൻ ചെയ്തപ്പോഴും ബ്ലീഡിംഗ് തന്നെയായിരുന്നു. വളരെ ക്രിട്ടിക്കൽ സ്റ്റേജ് ആയിരുന്നു. പിറ്റേ ദിവസം സർജറി പ്ലാൻ ചെയ്തു. രാത്രിതന്നെ പട്ടത്തച്ചനെ വിളിച്ചുപറഞ്ഞു. പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. സർജറി വേണ്ടിവരില്ല. പ്രാർത്ഥിക്കാം എന്നു പറഞ്ഞു. പിറ്റേദിവസം രാവിലെ സി. ടി. സ്കാൻ ചെയ്തപ്പോൾ ബ്ലീഡിങ്ങ് സ്റ്റോപ്പായി സർജറി വേണ്ട എന്ന് ഡോക്ടർ പറഞ്ഞു. ഇത് വലിയ അത്ഭുതമാണെന്ന് ഡോക്ടർ പറഞ്ഞു. എട്ടു ദിവസം ഐ. സി. യു. വിൽ കിടന്നു. ഭക്ഷണം കഴിക്കാൻ പറ്റാതെ ഛർദ്ദി ആയിരുന്നു. ജറുസലെം ധ്യാനകേന്ദ്രത്തിലെ വെഞ്ചരിച്ച തേൻ കൊണ്ടുപോയി കഴിച്ചപ്പോൾ അസുഖം കുറഞ്ഞു. ജറുസലെംനാഥന്റെയും നാഥയുടെയും അനുഗ്രഹം കൊണ്ടാണ് സൗഖ്യം ലഭിച്ചതെന്ന് ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു. ജനലക്ഷങ്ങളുടെ മുമ്പിൽ ഏറ്റുപറയുന്നു.



## സ്വാഗതം

ജറുസലെം ധ്യാനകേന്ദ്രത്തിൽ
ആത്മീയ ശുശ്രൂഷകൾക്കായി കടന്നുവന്നിരിക്കുന്ന
റവ. ഫാ. തോമസ് ഞൊണ്ടിക്കൽ സിഎം ഐ.

ജറുസലെം കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ



**“പരസ്പരം മനുഷ്യർ സഹായിക്കുക എന്നുള്ളത് ദൈവം തന്ന നിയമമാകുന്നു.”**



# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

***നിൻെറ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും. (സങ്കീ 91:14)***

## അനുഗ്രഹമൊഴുക്കിയ പരിശുദ്ധഅമ്മ


**ആൻസി സാജൻ,** വെട്ടിയാടൻ ഹൗസ്, കല്ലൂർ



കൃപാവാരിധിയായ അമ്മയോട് പ്രാർത്ഥിച്ചാൽ അമ്മ നമ്മെ അനുഗ്രഹങ്ങളാൽ നിറയ്ക്കും. അമ്മയുടെ വേദന അറിയുന്നതും പരിശുദ്ധ അമ്മയ്ക്കല്ലേ? ഞങ്ങളുടെ വിവാഹം കഴിഞ്ഞ് അഞ്ചു വർഷം കഴിഞ്ഞിട്ടും മക്കൾ ഉണ്ടായിരുന്നില്ല. 2021 സെപ്റ്റംബർ എട്ടാം തീയതി മാതാവിന്റെ ജനനതിരുനാളിൽ ജറുസലെമിൽ വന്നു പ്രാർത്ഥിച്ച് കിരീടം എടുത്തുവയ്ക്കുകയും അടുത്തവർഷം ജനനതിരുനാളിനു മുമ്പായി ഒരു കുഞ്ഞിനെ തന്ന് അനുഗ്രഹിക്കണമേയെന്ന് നിയോഗത്തോടെ പ്രാർത്ഥിക്കുകയും ചെയ്തു. മാതാവിന്റെ അനുഗ്രഹമായി 2022 ആഗസ്റ്റ് 6-ന് ദൈവം ഒരു ആൺകുഞ്ഞിനെ തന്നനുഗ്രഹിച്ചു. പ്രസവം എല്ലാം നോർമൽ ആയിരുന്നു. അടുത്ത ദിവസം കുഞ്ഞിന്റെ ബ്ലഡ് ടെസ്റ്റ് എടുത്തപ്പോൾ കുട്ടിയുടെ ഷുഗർ ലെവൽ താഴ്ന്നിരുന്നതായി കണ്ടു. പാൽ കുടിച്ചാൽ ഷുഗർ കൂടും എന്ന് ഡോക്ടർമാർ പറഞ്ഞു. പക്ഷേ ഒരു ദിവസം കഴിഞ്ഞിട്ടും ഷുഗറിൽ മാറ്റം ഉണ്ടായില്ല. കുട്ടിയെ എൻ. ഐ. സി. യു. വിലേക്ക് മാറ്റി. ഡോക്ടർമാർ കുട്ടിയെ വേറെ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകണം എന്നു പറഞ്ഞു. ഞാൻ ജറുസലെംനാഥയോട് പ്രാർത്ഥിച്ചു. ഇനിയുള്ള ബ്ലഡ് ടെസ്റ്റിൽ ഷുഗർ ലെവൽ കൂടണമെന്നും എന്നെയും ഉണ്ണിയേയും അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമെന്നും പ്രാർത്ഥിച്ചു. മാതാവിന്റെ അനുഗ്രഹമായി ഷുഗർ ലെവൽ നോർമലായി. യൂദിത്ത് 13:20 ഇപ്രകാരമാണ്: ‘‘അനുഗ്രഹങ്ങളാൽ അവിടുന്ന് നിന്നെ നിറയ്ക്കട്ടെ’’. അനുഗ്രഹസമൃദ്ധിയാൽ നിറച്ച പരിശുദ്ധ അമ്മയ്ക്കും യേശുനാഥനും നന്ദിയേകുന്നു.

## കരുണാമയനായ ഈശോ

**ജിസ്ന ലിജോ** (ഫാബിയോ ലിജോ), കൊടിയാഞ്ചേരി ഹൗസ്, അളഗപ്പനഗർ പി. ഒ., വെണ്ടോർ



ഈശോയുടെ കരുണയുടെയും ഞങ്ങളോടുള്ള സ്നേഹത്തിന്റെയും പ്രതീകമായി ഞങ്ങൾക്ക് കുഞ്ഞിനെ നൽകിയനുഗ്രഹിച്ചു. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് അഞ്ചു വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടായിരുന്നില്ല. ഞങ്ങൾ വചനകൂടാരത്തിൽ വന്ന് പട്ടത്തച്ചനെകണ്ട് പ്രാർത്ഥനാസഹായം അപേക്ഷിച്ചപ്പോൾ കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കണമെന്ന് അച്ചൻ നിർദ്ദേശിച്ചു. പട്ടത്തച്ചൻ പറഞ്ഞതനുസരിച്ച് ഞങ്ങൾ മുടങ്ങാതെ അതിൽ പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. 14 വെള്ളിയാഴ്ചകളിൽ ഞാൻ നിയോഗമെടുത്ത് വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും ശുശ്രൂഷകളിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി 2020 ജനുവരി 26 റിപ്പബ്ലിക് ദിനത്തിൽ ഈശോ ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു.യേശുവേ നന്ദി! യേശുവേ സ്തോത്രം!

## ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും

**അൽഫോൺസ ദേവസ്സി,** ആറ്റുപുറം ഹൗസ്, പള്ളിക്കുന്ന്, വരന്തരപ്പിള്ളി പി. ഒ.



വി. മത്തായി 6:8 തിരുവചനങ്ങൾ ഇപ്രകാരമാണ്: ‘‘നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു’’. ഞങ്ങളുടെ ആവശ്യം ഞങ്ങളേക്കാൾ മുമ്പ് അറിയുന്ന പിതാവായ ദൈവത്തോട് പ്രത്യേക നിയോഗത്തോടെ ഞങ്ങൾ പ്രാർത്ഥിച്ചു. സങ്കടങ്ങളിൽ തളർന്നിരിക്കാതെ, പ്രതിസന്ധികളിൽ പതറാതെ, ദൈവാശ്രയബോധത്തോടെ പിതാവിന്റെ തിരുസന്നിധിയിൽ ഞങ്ങൾ വന്നണഞ്ഞു. അഭിഷിക്ത പ്രാർത്ഥനകൾ ഞങ്ങളിൽ പുതിയ ഊർജ്ജവും പ്രത്യാശയും പകർന്നേകി. ആവശ്യങ്ങൾ മുൻകൂട്ടി അറിയുന്ന ദിവ്യനാഥൻ ഞങ്ങളുടെ മകനെയും ഭാര്യയെയും അനുഗ്രഹിച്ചു. ഞങ്ങളുടെ മകന്റെ വിവാഹം കഴിഞ്ഞ് രണ്ട് വർഷമായിട്ടും മക്കളുണ്ടായില്ല. വളരെയധികം വേദനയോടെ ഒമ്പത് വെള്ളിയാഴ്ചകളിൽ പ്രത്യേക നിയോഗത്തോടെ ഉപവാസം എടുത്ത് പ്രാർത്ഥിക്കുകയും വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുക്കുകയും ചെയ്തതിന്റെ ഫലമായി ഞങ്ങൾക്ക് ദൈവാനുഗ്രഹമായി ഒരു ആൺകുഞ്ഞിനെ തന്ന് ജറുസലെംനാഥൻ അനുഗ്രഹിച്ചു.

## സുഖപ്പെടുത്തിയ കർത്താവ്

**ജെന്നി സുനിൽ,** അതിയുന്തൻ ഹൗസ്, പി. ഒ. വടൂക്കര



‘‘ഞാൻ നിന്റെ കണ്ണീർ കാണുകയും നിന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും’’ (2 രാജാ. 20:5). ഞങ്ങളുടെ കുടുംബത്തിന്റെ കണ്ണീർ കണ്ട് ഞങ്ങളുടെ അപ്പച്ചനെ തൊട്ടു സുഖമാക്കിയ ദിവ്യകാരുണ്യനാഥന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു. വിട്ടുമാറാത്ത ചുമയും ഛർദ്ദിയുമായി ഡോക്ടറെ കണ്ടപ്പോൾ ഒരു ഫുൾസ്കാൻ ചെയ്യാൻ ഡോക്ടർ അപ്പച്ചനോട് പറഞ്ഞു. അതിന്റെ റിസൽട്ട് കണ്ടപ്പോൾ ശ്വാസകോശത്തിൽ കാൻസറിന്റെ ചെറിയ ഒരു ആരംഭമുണ്ടെന്നും അതിനാൽ ഒന്നുകൂടി സ്കാൻ ചെയ്യണമെന്നും പറഞ്ഞു. ആ സമയത്ത് ഞങ്ങൾ ജറുസലെംനാഥനോട് സൗഖ്യത്തിനായി നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി രണ്ടാമത്തെ സ്കാനിങ്ങിന്റെ റിസൽട്ട് വന്നപ്പോൾ യാതൊരുവിധ കുഴപ്പവും ഇല്ലെന്ന് ഡോക്ടർ പറഞ്ഞു. യേശുവേ നന്ദി.

## അനുഗ്രഹദായകമായ കോടിയർച്ചന

**ഉഷ ജോൺസൺ,** ചെളിപറമ്പിൽ ഹൗസ്, നന്തിപുലം



പരിശുദ്ധ അമ്മയെ കൂട്ടുപിടിച്ച് പ്രാർത്ഥിച്ചാൽ അസാധ്യകാര്യങ്ങൾ പോലും അമ്മ സാധിതമാക്കിത്തരും. ഏശയ്യ 26:3 ഇപ്രകാരമാണ്: ‘‘അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു’’. ആരോഗ്യവും സമാധാനവും നൽകിയ ഈശോയ്ക്ക് നന്ദിയേകുന്നു. എന്റെ യൂട്രസ് പ്രോലാപ്സ് ആണെന്നും മൂന്ന് ബയോപ്സി എടുക്കണമെന്നും ഡോക്ടർ പറഞ്ഞപ്പോൾ ഞാൻ പട്ടത്തച്ചനെ  വന്നു കണ്ട് പ്രാർത്ഥനാസഹായം യാചിച്ചു. അച്ചൻ എന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കുകയും ആശീർവദിച്ച മധുരം നൽകിയനുഗ്രഹിക്കുകയും ചെയ്തു. ബയോപ്സി റിസൽട്ട് വന്നപ്പോൾ മൂന്നും നോർമലായിരുന്നു. ഈശോയ്ക്ക് നന്ദി പറയുന്നു. എന്റെ രണ്ട് പേരക്കുട്ടികൾക്ക് കാനഡയിൽ അവരുടെ മാതാപിതാക്കളുടെ അടുത്തേയ്ക്ക് പോകുവാൻ വിസാതടസ്സം അനുഭവപ്പെട്ടിരുന്നു. ഞാൻ കോടിയർച്ചനയിൽ പങ്കാളിയായപ്പോൾ രണ്ടു പ്രാവശ്യം മുടങ്ങിയ വിസാതടസ്സം നീങ്ങി. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് അനുയാത്ര ചെയ്യുവാൻ അനുഗ്രഹിച്ച ഈശോനാഥന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## ഉത്തരമരുളിയ കർത്താവ്


**ലൂസി ദേവസ്സി,** കടവി ഹൗസ്, കെ. ആർ. ലെയിൻ, അഞ്ചേരി സൗത്ത്



ഹോസിയ 14:8 തിരുവചനം ഇപ്രകാരമാണ്: ‘‘നിനക്ക് ഉത്തരമരുളുന്നതും നിന്നെ സംരക്ഷിക്കുന്നതും ഞാനാണ്’’. രോഗത്തിന്റെ സങ്കീർണ്ണാവസ്ഥയിൽ രോഗമെന്തെന്ന് മനസ്സിലാക്കുവാനുള്ള കൃപയേകിയതിന് നന്ദി പറയുന്നു. രണ്ടു കൊല്ലമായി എന്റെ മകന്റെ കുട്ടികൾക്ക് വിട്ടുമാറാത്ത ചുമയും പനിയും ആയിരുന്നു. ഒന്നാം ക്ലാസ്സിൽ അവർക്ക് പനി കാരണം സ്കൂളിൽ പോകാൻ സാധിച്ചില്ല. ഡോക്ടർമാരെ കാണിച്ചപ്പോൾ പറഞ്ഞത് അലർജിയാണെന്നാണ്. മരുന്നുകൾ കൊടുത്തെങ്കിലും ഒരു മാറ്റവുമുണ്ടായില്ല. ഞാൻ ജറുസലെമിൽ ഈ മക്കൾക്കുവേണ്ടി മാധ്യസ്ഥപ്രാർത്ഥന നടത്തി. അസുഖം എന്താണെന്ന് അറിയുകയാണെങ്കിൽ അൾത്താരയിൽവന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളാം എന്ന് പറഞ്ഞതിന്റെ ഫലമായി എറണാകുളത്തെ ഹോസ്പിറ്റലിൽ കൊണ്ടുപോയപ്പോൾ ഡോക്ടർ പരിശോധിച്ചിട്ട് ഈ മക്കളുടെ ശ്വാസകോശത്തിന് വലുപ്പം കുറവാണെന്നു പറഞ്ഞു. അതിനാൽ 2,000 രൂപയുടെ ഇഞ്ചക്ഷൻ രണ്ടു പേർക്കും ചെയ്തു. 8,9,10 വയസ്സാകുമ്പോൾ 2,000 രൂപയുടെ ഓരോ ഇഞ്ചക്ഷൻ ഇരുവർക്കും എടുക്കണമെന്നും നിർദ്ദേശിച്ചു. രോഗം കണ്ടുപിടിക്കാനും ചികിത്സ ആരംഭിക്കാനും ഇടയായതിനെ ഓർത്ത് നല്ല ദൈവമേ നിന്നെ സ്തുതിക്കുന്നു. ആരാധിക്കുന്നു.

## ചേർത്തുപിടിക്കുന്ന യേശുനാഥൻ

**ആഷ്‌ലി ജെയ്സൺ,** കണ്ണമ്പുഴ ഹൗസ്, നെട്ടിശ്ശേരി പി. ഒ., തൃശ്ശൂർ



ഈശോ നമ്മോട് ചോദിച്ചില്ലേ, ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവല്ലേ? ഈശോനാഥൻ നമ്മെ സുഖപ്പെടുത്തുന്നവനാണ്. മരുന്നുകൾക്കും ലേപനങ്ങൾക്കും സാധിക്കാത്ത അത്ഭുതങ്ങൾ അവിടുന്ന് നമുക്കായി വർഷിക്കും. എന്റെ അമ്മാമ്മയ്ക്ക് ഭക്ഷണം കഴിച്ചാൽ വയറുവേദന അനുഭവപ്പെടുമായിരുന്നു. ഒരു മാസത്തിലേറെയായി ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നു. പല ഡോക്ടർമാരെയും മാറിമാറി കാണിച്ചിട്ടും മരുന്നുകൾ കഴിച്ചിട്ടും കുറവുണ്ടായില്ല. എന്റെ അമ്മ അമ്മാമ്മയേയും കൂട്ടി ബഹു. പട്ടത്തച്ചനെ കാണാൻ വരികയും അച്ചൻ കൈകൾ ശിരസ്സിൽവച്ച് പ്രാർത്ഥിക്കുകയും ആശീർവ്വദിച്ച മധുരം നൽകുകയും ചെയ്തു. അത് കഴിച്ചതിനുശേഷം നേർച്ചക്കഞ്ഞി കുടിച്ച് ഞങ്ങൾ വീട്ടിലേയ്ക്കു മടങ്ങി. പിന്നീട് ഈ വയറുവേദന ഉണ്ടായിട്ടില്ല. ജറുസലെം നാഥനും നാഥയ്ക്കും ഒരായിരം നന്ദി. രോഗങ്ങളിൽ നമ്മെ ചേർത്തുപിടിച്ച്, സൗഖ്യം നൽകുന്നവനാണ് യേശുനാഥൻ. യേശുനാമം എന്നും വാഴ്ത്തപ്പെടട്ടെ.

## കരുണചൊരിയുന്ന യേശുനാഥൻ

**ജോളി വിത്സൻ,** ചിറയത്ത് ഹൗസ്, മരത്താക്കര പി. ഒ.



‘‘കർത്താവ് എല്ലാവർക്കും നല്ലവനാണ്. തന്റെ സർവ്വസൃഷ്ടിയുടെയുംമേൽ അവിടുന്ന് കരുണ ചൊരിയുന്നു’’ (സങ്കീ. 145:9). എന്റെ മകന്റെ രോഗത്തിൽ സൗഖ്യം നൽകിയ ഈശോയ്ക്ക് നന്ദിയേകുന്നു. എന്റെ മകൻ കടുത്ത മൈഗ്രെയ്ൻ തലവേദനമൂലം കഷ്ടപ്പെട്ടിരുന്നു. സ്കൂളിൽ പോകാനോ പഠിക്കാനോ കഴിയാതെ മൈഗ്രെയ്ൻ തലവേദന അവനെ നിരന്തരം കഷ്ടപ്പെടുത്തിയിരുന്നു. ജനുവരി ആദ്യ ആഴ്ചയിൽ ഞാൻ ജറുസലെം വചനകൂടാരത്തിൽവന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിക്കുകയും അച്ചൻ ഒരു മാസം പ്രാർത്ഥന ചൊല്ലാൻ തരികയും ജപമാല ധരിപ്പിക്കുകയും ചെയ്തു. ഒരു മാസത്തോടെ വേദന കുറഞ്ഞുവരികയും പൂർണ്ണസൗഖ്യം ലഭിക്കുകയും ചെയ്തു. ഇപ്പോൾ എട്ടുമാസം കഴിഞ്ഞു. യേശുവേ നന്ദി.

## കർത്താവിൽ ശരണപ്പെട്ടപ്പോൾ

**ആൻസി അൽജോ,** വേങ്ങയ്ക്കൽ ഹൗസ്, പി. ഒ. വരാക്കര



അഭയവും ശരണവും കർത്താവിൽ മാത്രമാണ്. മനുഷ്യബുദ്ധിയ്ക്കതീതമായ മഹത്വമേറിയ അത്ഭുതങ്ങൾ നമുക്കായി ചെയ്തുതരുന്നവനാണ് നമ്മുടെ ഈശോനാഥൻ. അവിടുന്ന് നമ്മോട്



# “അരൂപിയാലെ നിങ്ങളുടെ ഹൃദയത്തിൽ ഈശോയെ വിരുന്നിന് വിളിപ്പിൻ.”



പറഞ്ഞു: “എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും” (ജെറ 33:3). എന്റെ മകന് ജന്മനാ വൃക്കയിൽ കല്ലുകളുണ്ടായിരുന്നു. എല്ലാ മരുന്നുകളും കൊടുത്തിട്ടും കല്ലുകൾ കുറയുന്നതല്ലാതെ മാറിപ്പോകുന്നുണ്ടായിരുന്നില്ല. ഇപ്പോൾ അവന് 10 വയസ്സായി. ഇതുവരെ അവൻ മുടങ്ങാതെ മരുന്നു കഴിക്കുന്നുണ്ട്. ഞാൻ ജറുസലെമിൽ വന്ന് 9 വെള്ളിയാഴ്ചകൾ നിയോഗം വെച്ച് സാക്ഷ്യം പറയാമെന്ന് പറഞ്ഞ് മകന്റെ രോഗാവസ്ഥയെ സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി ഞാൻ ഒരു വ്യക്തിയെ കാണാൻ ഇടയാവുകയും അദ്ദേഹം തന്ന ഒരു മരുന്ന് 20 ദിവസം അവന് കൊടുക്കുകയും ചെയ്തു. പരിശുദ്ധ അമ്മയുടെ പിറന്നാളിന് ഒരു സമ്മാനമായി അമ്മ എന്റെ മകന് സൗഖ്യം നൽകിയനുഗ്രഹിച്ചു. അമ്മയോടും ജറുസലെംനാഥനോടും ഒരായിരം നന്ദി പറയുന്നു.

## അപകടത്തിൽനിന്ന് സൗഖ്യസ്പർശം



**മോനിക്ക ദേവസ്സി,** കുരിശ്ശിങ്കൽ ഹൗസ്, പട്ടിക്കാട്

ജോലിസ്ഥലത്തുവച്ചുണ്ടായ മാരകമായ അപകടത്തിൽനിന്ന് കാത്തുരക്ഷിച്ച ഈശോനാഥന് നന്ദിയേകുന്നു. യാക്കോ. 5:15 നമ്മെ ഓർമ്മിപ്പിക്കുന്നു: “വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും”. കൂലിപ്പണിക്ക് പോകുമ്പോൾ മുകളിൽനിന്ന് ചാനൽ കമ്പി തലയിലൂടെ വീണു. വായ് തുറക്കാനാകാതെയും കഞ്ഞി കുടിക്കാതെയും പത്തു ദിവസം കിടന്നു. ഇതു മാറിക്കിട്ടിയാൽ സാക്ഷ്യപ്പെടുത്താമെന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണസൗഖ്യം ലഭിച്ചു. സൗഖ്യം നൽകിയ ഈശോയ്ക്ക് നന്ദിയേകുന്നു.

## നിയോഗത്തോടെ പ്രാർത്ഥിച്ചപ്പോൾ

**മേജോ സി. ജേക്കബ്ബ്,** ചക്കാലക്കൽ ഹൗസ്, വിയ്യൂർ



എന്റെ രോഗാവസ്ഥയിൽ ഞാൻ പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചപ്പോൾ അത്ഭുതകരമായ സൗഖ്യം നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. യൂദിത്ത് 9:11 ഇപ്രകാരമാണ്: “അവിടുന്ന് എളിയവരുടെ ദൈവവും മർദ്ദിതരുടെ സഹായകനുമാണ്. അവശരെ താങ്ങുന്നവനും നിരാധാരരെ പരിപാലിക്കുന്നവനും ആശയറ്റവരെ രക്ഷിക്കുന്നവനുമാണ്”. എനിക്ക് ബി. പി. കുറഞ്ഞ് തലചുറ്റലുണ്ടായി. ഞാൻ 2023 ജൂൺ മുതൽ ഒമ്പത് വെള്ളിയാഴ്ച വന്ന് പ്രാർത്ഥിക്കാമെന്ന് നേർന്നതിന്റെ ഫലമായി തലചുറ്റൽ മാറിക്കിട്ടി.

## തിരുഹൃദയനാഥന്റെ അനുഗ്രഹം



**ലിസ്സി,** തുലാപറമ്പൻ ഹൗസ്, വെള്ളിക്കുളങ്ങര

തിരുഹൃദയ വെള്ളിയാഴ്ചകളിൽ മനമുരുകി പ്രാർത്ഥിച്ചാൽ ഈശോനാഥൻ ശ്രവിക്കാത്ത പ്രാർത്ഥനകളില്ല. ദൈവാനുഗ്രഹത്തിന്റെ സമൃദ്ധിയാണ് ഈശോ നമുക്കായി തുറന്നുതരുന്നത്. “യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയുന്നവനിൽ ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു” (1 യോഹ. 4:15). ഞാൻ ജറുസലെം വചനകൂടാരത്തിൽവന്ന് മാസാദ്യ വെള്ളിയാഴ്ചകളിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ പേരക്കുട്ടിയ്ക്ക് യൂറോപ്പിൽ പഠിക്കുവാനും ജോലിയ്ക്ക് വേണ്ടിയും പോകുവാൻ സാധിച്ചു.

## ദൈവാനുഗ്രഹം സമൃദ്ധമായി



**വള്ളിയമ്മു,** പെരിങ്ങാട്ട് ഹൗസ്, പാവറട്ടി

കർത്താവിന്റെ കരുണയിൽ ആശ്രയിച്ചപ്പോൾ ദൈവാനുഗ്രഹം സമൃദ്ധമായി ലഭിച്ചു. സ്ഥിരമായ ജോലിയും ആരോഗ്യമുള്ള കുഞ്ഞിനെയും നല്കി ഈശോനാഥൻ അനുഗ്രഹിച്ചു. എന്റെ മകൻ വിദേശത്ത് ജോലിക്കുവേണ്ടി ഒരു വർഷത്തോളം പരിശ്രമിച്ചിട്ടും ജോലി ലഭിക്കാനാകാതെ വിഷമിച്ചിരിക്കുമ്പോൾ ഞാൻ ജറുസലെം വചനകൂടാരത്തിൽവന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി അവന് നല്ല ജോലി ലഭിച്ചു. ജറുസലെം നാഥന്റെയും പരിശുദ്ധ അമ്മയുടെയും അനുഗ്രഹഫലമായി മൂന്നുവർഷം കുഞ്ഞുങ്ങളില്ലാതിരുന്ന മകന് കുഞ്ഞുങ്ങളെ നൽകി ദൈവമനുഗ്രഹിച്ചു.

## പ്രാർത്ഥനശ്രവിച്ച ദൈവം



**അനു ബൈജു,** ആഴ്ചങ്ങാടൻ ഹൗസ്, കല്ലൂർ പി. ഒ.

പ്രാർത്ഥനകളും നിയോഗങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ ദൈവിക ഇടപെടലുകൾ ജീവിതത്തിൽ സംഭവിക്കും. അസാധ്യമെന്ന് കരുതുന്ന സംഭവങ്ങൾ സംഭവ്യമാകും. എന്റെ ജീവിതത്തിലും ഞാൻ വളരെയേറെ ആഗ്രഹത്തോടെ പ്രാർത്ഥിച്ചപേക്ഷിച്ച ഒരു സംഭവമായിരുന്നു ദുബായിൽ പോകാനുള്ള ഡി. എച്ച്. എ. പരീക്ഷ പാസ്സാകണമെന്നത്. പ്രാർത്ഥിച്ചാൽ അസാധ്യമായി യാതൊന്നുമില്ലെന്ന് ഞാൻ വിശ്വസിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും ജറുസലെം വചനകൂടാരത്തിൽ വന്ന് വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കുകൊണ്ട് നിയോഗത്തോടെ പ്രാർത്ഥിച്ചപേക്ഷിച്ചപ്പോൾ പ്രാർത്ഥന കേട്ട ഈശോനാഥൻ ഉന്നതവിജയം നല്കിയനുഗ്രഹിച്ചു. പ്രഭാ 1:11 ഇപ്രകാരമാണ്: “സർവ്വജ്ഞാനവും കർത്താവിൽനിന്ന് വരുന്നു. അത് എന്നേയ്ക്കും അവിടുത്തോടുകൂടിയാണ്”.

## ദൈവപരിപാലനയിൽ ആശ്രയിച്ചപ്പോൾ



**ബ്ലെസ്സി ബെന്നി,** മാടമന ഹൗസ്, പേരാമ്പ്ര പി. ഒ., കൊടകര

സങ്കീ. 111:10 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: “ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം. അത് പരിശീലിക്കുന്നവർ വിവേകികളാകും”. ദൈവത്തിൽ ആശ്രയിച്ച് പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ച് മുന്നോട്ടുപോയപ്പോൾ ബുദ്ധിമുട്ടേറിയ ജർമ്മൻ ഭാഷയുടെ പരീക്ഷയിൽ ഉന്നതവിജയം നല്കി ജറുസലെംനാഥനും അമ്മമാതാവും അനുഗ്രഹിച്ചു. ഞാൻ ജർമ്മൻഭാഷ 2021 ജൂൺ മുതൽ പഠിക്കാൻ തുടങ്ങിയിരുന്നു. അന്നുമുതൽ ഞാൻ മാതാവിനോട് പരീക്ഷ പാസ്സാവുന്നതിനായി പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി 2022 ജൂണിൽ പരീക്ഷ എഴുതിയതിൽ 2 മോഡ്യുളും ആഗസ്റ്റിൽ പരീക്ഷ എഴുതിയതിൽ ബാക്കി രണ്ട് മോഡ്യുളും പാസ്സായി. അതിനുശേഷം 2023 ഒക്ടോബർ ഒന്നിന് ഞാൻ ജർമ്മനിയിലേയ്ക്ക് പോയി. മാതാവിനോടുള്ള പ്രാർത്ഥനയുടെ ഫലമായാണ് ഇത് നടന്നത്. യേശുവേ നന്ദി. യേശുവേ സ്തുതി.

## ദൈവനാമം മഹത്വപ്പെടട്ടെ



**ജിനി തോമസ്,** വലിയവീട്ടിൽ ഹൗസ്, പൊങ്ങണംകാട്, തൃശൂർ

ദൈവനാമത്തിന് മഹത്വവും സ്തുതിയും ആരാധനയും ഉണ്ടാകട്ടെ. തോബിത്ത് 5:16 തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു: “ഉന്നതത്തിൽ വസിക്കുന്ന ദൈവം നിന്റെ മാർഗ്ഗം ശുഭമാക്കും”. എന്റെ മകന് ഒരു ജോലി ലഭിക്കുന്നതിനായി പ്രത്യേക നിയോഗത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. ദൈവാനുഗ്രഹമായി മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് പ്രോഗ്രാമർ ആയി ഷാർജയിൽ നല്ല ജോലി നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. ദൈവമേ നന്ദി.

## വിജയം നൽകിയ കർത്താവ്



**ലിവിയ ജെ. റോസ്,** പെരിഞ്ചേരി ഹൗസ്, പി. ഒ. പുതുക്കാട്

അസാധ്യമെന്ന് കരുതിയ വിജയം എനിക്കായി നൽകിയത് ജറുസലെം നാഥനാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. അൾത്താരയിൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ ഈ വർഷം ജൂണിലാണ് ബി. എസ്. സി. നഴ്സിംഗ് പാസ്സായത്. അതിനുശേഷം ഒക്ടോബറിൽ കോച്ചിംഗിന് ചേർന്നു. സെപ്തംബർ 16-ന് പരീക്ഷ എഴുതാൻ തീയതി എടുത്തു. പരീക്ഷയ്ക്കു മുൻപ് ഞാൻ ജറുസലെമിൽ വന്ന് ജറുസലെംനാഥയുടെയും ചാവറയച്ചന്റെയും മദ്ധ്യസ്ഥസഹായം തേടിയിരുന്നു. പരീക്ഷ എഴുതിക്കഴിഞ്ഞപ്പോൾ വളരെ ബുദ്ധിമുട്ടായിരുന്നു. ഞാൻ ദൈവത്തോട് ഉള്ളുരുകി ഫസ്റ്റ് അറ്റംപ്റ്റിൽതന്നെ പാസ്സാക്കണമെന്ന് പ്രാർത്ഥിച്ചു. ഒക്ടോബർ 3-ന് എന്റെ റിസൽട്ട് വന്നു. ദൈവാനുഗ്രഹത്താൽ ഫസ്റ്റ് അറ്റംപ്റ്റിൽതന്നെ അയർലൻഡ് സ്കോർ നൽകി ദൈവം എന്നെ അനുഗ്രഹിച്ചു. യേശുവേ നന്ദി. യേശുവേ സ്തോത്രം.

## ഉന്നതവിജയം നൽകിയനുഗ്രഹിച്ചു

**ജെസ്ന,** പൊട്ടൻകുളങ്ങര ഹൗസ്, കൊമ്പഴ



“സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവ് നിന്റെ ദു:ഖം അകറ്റി സന്തോഷമേകും”(തോബിത്ത് 7:17) എന്ന തിരുവചനത്തിന്റെ ശക്തിയാൽ പരാജയത്തെ വിജയമാക്കി ദൈവമനുഗ്രഹിച്ചു. ഞാൻ ഈ വർഷം നഴ്സിങ്ങ് പാസ്സായതിനുശേഷം ഒ. ഇ. ടി. യ്ക്ക് ചേർന്നിരുന്നു. 2023 സെപ്റ്റംബർ 2-നായിരുന്നു പരീക്ഷ. ഫസ്റ്റ് അറ്റംപ്റ്റിൽതന്നെ പരീക്ഷ പാസ്സാകാൻ ഒരുപാട് ആഗ്രഹിച്ചിരുന്നു. അതിനായി ഞാൻ ജറുസലെം വചനകൂടാരത്തിൽവന്ന് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചു. മാതാവിന്റെ ജനനതിരുന്നാളിന് കിരീടവും വച്ച് പ്രാർത്ഥിച്ചു, സെപ്റ്റംബർ 18-ന് എന്റെ റിസൽട്ട് വന്നപ്പോൾ ഒരു പേപ്പർ മാത്രം ഒരു മാർക്കിന് എനിക്ക് പോയി. ഞാൻ പ്രാർത്ഥിച്ച് ആ പേപ്പർ റിവാല്യുവേഷന് കൊടുത്തു. റിവാല്യുവേഷൻ റിസൽട്ട് വന്നപ്പോൾ ഉന്നതവിജയം നൽകി ജറുസലെംനാഥൻ എന്നെ അനുഗ്രഹിച്ചു. യേശുവേ നന്ദി. യേശുവേ സ്തുതി.

## കർത്താവിൽ ആശ്രയിച്ചപ്പോൾ



**വെറോനിക്ക,** കൊഴുക്കുള്ളി ഹൗസ്, പടവരാട്

“കർത്താവിന്റെ ഭക്തരേ, അവിടുത്തെ ആശ്രയിക്കുവിൻ. പ്രതിഫലം ലഭിക്കാതിരിക്കുകയില്ല” (പ്രഭാഷകൻ 2:8). എന്റെ മകന് നേഴ്സിങ്ങിന് സീറ്റ് ലഭിക്കാതെ വന്നപ്പോൾ ജറുസലെം വചനകൂടാരത്തിൽവന്ന് പ്രാർത്ഥിക്കുകയും ബഹു. അച്ചനെ കണ്ട് പ്രാർത്ഥിച്ച് അനുഗ്രഹവും ആശീർവ്വാദവും സ്വീകരിക്കുകയും ചെയ്തു. മാതാവിന് കിരീടം വച്ച്, സീറ്റ് ലഭിച്ചാൽ സാക്ഷ്യം പറയാം എന്നു നേർന്നു. അതിന്റെ ഫലമായി മകന് അത്ഭുതകരമായി ജില്ലാ ആശുപത്രിയിൽ സീറ്റു ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം ഞങ്ങൾക്കായി തന്ന ജറുസലെം നാഥനും പരിശുദ്ധ അമ്മയ്ക്കും നന്ദിയേകുന്നു.

## ദൈവമാണെന്റെ ബലം



**അൽഫോൺസ,** പനോക്കാരൻ ഹൗസ്, കല്ലൂർ

“കർത്താവായ ദൈവമാണ് എന്റെ ബലം. കലമാന്റെ പാദങ്ങൾക്കെന്നപോലെ അവിടുന്ന് എന്റെ പാദങ്ങൾക്ക് വേഗത നൽകി”(ഹബക്കുക്ക് 3:19). ജീവിതത്തിൽ നേരിട്ട വളരെ സങ്കടകരമായ ഒരവസ്ഥയായിരുന്നു സ്വന്തമായി ഒരു ഭവനമില്ലാത്തത്. ഒരു ഭവനത്തിനായി ഞങ്ങൾ ആഗ്രഹിച്ച് ദൈവത്തിൽ വിശ്വാസമർപ്പിച്ച് പ്രാർത്ഥിച്ചു. എന്റെ ആശ്രയവും അഭയകേന്ദ്രവുമായ ദൈവത്തിൽ ഞാൻ പ്രത്യാശയർപ്പിച്ചു. പരിമിതമായ ജീവിതസാഹചര്യങ്ങളിൽ ഏഴ് വർഷത്തോളം ഞാൻ വാടകവീട്ടിലായിരുന്നു താമസം. ഓരോ വാടകവീട്ടിൽനിന്നും കാലാവധി കഴിഞ്ഞ് പോകുമ്പോൾ എനിക്ക് ഒരു സ്ഥലവും ഭവനവും നൽകി അനുഗ്രഹിക്കണമേ എന്ന് ജറുസലെം നാഥനോട് പ്രാർത്ഥിക്കുമായിരുന്നു. അതിന്റെ ഫലമായി ജറുസലെംനാഥൻ ഒരു സ്ഥലവും ഭവനവും നൽകി ഞങ്ങളെ അനുഗ്രഹിച്ചു. ദൈവത്തിന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

**പ്രാർത്ഥനാനിയോഗങ്ങൾ**

**Whatsapp ചെയ്യേണ്ട നമ്പർ**

**9656 133 533**

**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**



സിനി ജോൺസൺ

# ജീവിത വിജയത്തിന്റെ പാഠങ്ങൾ



മകരമാസ തണുപ്പിൽനിന്നും ചുട്ടുപൊള്ളുന്ന കുംഭ മാസ ചൂടിലേയ്ക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. തനുവും മനവും ചൂട് നിറയ്ക്കുന്ന പരീക്ഷാകാലം കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും പരീക്ഷണകാലം കൂടിയാണ്. തീവ്രമായ ആഗ്രഹത്തോടെ, തീക്ഷ്ണമായ പ്രാർത്ഥനയോടെ, കഠിനാധ്വാനം ചെയ്താൽ വിജയത്തിന്റെ മകുടം നമ്മുടെ ശിരസ്സിന് അലങ്കാരമായി തീരും. നോമ്പുകാല വിശുദ്ധിയിൽ, ദിവ്യകാരുണ്യഭക്തിയിൽ ആശ്രയിച്ചും, അനുദിന ദിവ്യബലിയും ജപമാലപ്രാർത്ഥനകളും നമ്മിൽ നിറയ്ക്കുന്ന പോസിറ്റീവ് ഊർജ്ജമാണ് ഈ പരീക്ഷാ കാലഘട്ടത്തെ നേരിടാൻ സഹായിക്കുന്ന പ്രേരക ശക്തികൾ. എല്ലാം മന:പാഠമാക്കി പഠിച്ചാലും ഉത്തരമെഴുതുമ്പോൾ തെറ്റുവരുത്തുന്നവർ ധാരാളം പേരാണ്. ഗ്രഹണശക്തിയും ബുദ്ധിശക്തിയും ശരിയായി വിനിയോഗിക്കാൻ ദൈവാനുഗ്രഹം ആവശ്യമാണ്. ദൈവാനുഗ്രഹം നമ്മിലുണ്ടെങ്കിൽ പഠനത്തിൽ ശരാശരിയായാലും ഉയർന്നവരായാലും താഴ്ന്നവരായാലും ഉന്നതവിജയത്തിന് നമ്മൾ ഉടമകളായിത്തീരും. ഇതുവരെ നമുക്ക് ഉണ്ടായിട്ടുള്ള പരാജയങ്ങളോ, അവഗണനകളോ നമ്മുടെ മനസ്സിനെ ഒരിക്കലും തളർത്തരുത്. മുമ്പോട്ട് കുതിക്കാനുള്ള പ്രേരകശക്തികളായി ഇത് നമ്മെ മാറ്റണം. തോൽവികളിൽനിന്ന് പാഠം പഠിച്ച് മുന്നേറുന്നവരാണ് ജീവിതത്തിൽ ഉയർന്ന വിജയങ്ങൾ കരസ്ഥമാക്കുന്നവരെന്ന് നമുക്ക് മറക്കാതിരിക്കാം.

ജീവിതത്തിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ അനേകം പേരുടെ ജീവിതകഥകൾ വായിക്കാൻ ഇട വന്നിട്ടുണ്ടെങ്കിലും, തൃശ്ശൂർ ജില്ലയുടെ ഭരണസാരഥിയായ, കുട്ടികളുടെ കളക്ടർ മാമൻ ശ്രീ. കൃഷ്ണതേജ ഐ. എ. എസിന്റെ ജീവിതകഥ ഒരു സദസ്സിലിരുന്ന് ശ്രവിച്ചപ്പോൾ വളരെയേറെ പ്രചോദനാത്മകമായി തോന്നി. ഈ പരീക്ഷാകാലത്ത് നമുക്ക് പ്രത്യാശ പകരുന്ന ജീവിതകഥ. നമ്മൾ അടുത്തറിയുന്ന വ്യക്തി, നിറഞ്ഞ സദസ്സിൽവെച്ച് ഈ ജീവിതകഥ പങ്കുവെച്ചപ്പോൾ കാണികൾക്കെല്ലാം ആ വ്യക്തിത്വത്തിനോട് വളരെയേറെ ആദരവ് തോന്നിയ നിമിഷങ്ങളായിരുന്നു അത്. ജീവിത പാഠങ്ങളിൽനിന്ന് ലഭിച്ച അനുഭവങ്ങളാണ് കളക്ടർ അന്ന് വിദ്യാർത്ഥികളോട് പങ്കുവെച്ചത്. ആന്ധ്രയിലെ ഗുണ്ടൂർ ജില്ലയിലാണ് അദ്ദേഹത്തിന്റെ വീട്. ഏഴാം ക്ലാസ്സ് വരെ പഠനത്തിൽ ആവറേജിന് താഴെ മാത്രം മാർക്ക് ലഭിച്ചിരുന്ന വിദ്യാർത്ഥി. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ കുടുംബം ഒരു വലിയ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടുന്നത്. സംഭവമറിഞ്ഞെത്തിയ ബന്ധുക്കൾ ആദ്യം പറഞ്ഞത് കൃഷ്ണതേജയുടെ പഠനം നിറുത്തുവാനും ഒരു കടയിൽ ജോലിയ്ക്ക് പോയി കുടുംബത്തെ സഹായിക്കാനുമായിരുന്നു. അച്ഛനും അമ്മയ്ക്കും തുടർന്ന് പഠിപ്പിക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും പണമില്ലാത്തതിനാൽ നിസ്സഹായാവസ്ഥയിലായി. ഈ സമയത്താണ് അയൽവീട്ടിലെ ചേട്ടൻ കൃഷ്ണയുടെ പഠനത്തിന് സാമ്പത്തികസഹായം വാഗ്ദാനം ചെയ്തത്. സൗജന്യസഹായം സ്വീകരിക്കാൻ അമ്മയ്ക്ക് താല്പര്യമില്ലാതിരുന്നതിനാൽ അയാളുടെ മരുന്നുകടയിൽ സ്ക്കൂൾ വിട്ട് മൂന്നര മണിക്കൂർ ജോലി ചെയ്ത് പണം സമ്പാദിച്ച് പഠനം തുടർന്നു. ആ ദിവസങ്ങളിലാണ് അധ്വാനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും വില മനസ്സിലാക്കിയത്. നന്നായി പഠിച്ചുതുടങ്ങിയ അദ്ദേഹം സ്കൂൾ ടോപ്പറായി, പ്ലസ്ടുവിലും എഞ്ചിനീയറിംഗിലും ടോപ്പറായി, ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന മൾട്ടിനാഷണൽ കമ്പനിയിൽ ഉദ്യോഗസ്ഥനായി. ഇവിടെനിന്നാണ് യഥാർത്ഥ ജീവിതകഥ ആരംഭിയ്ക്കുന്നതും കൃഷ്ണതേജ ഐ. എ. എസ്. ഉണ്ടാകുന്നതും. അതിന് വഴിത്തിരിവായത് ഒപ്പമുണ്ടായിരുന്ന റൂംമേറ്റ് ആയിരുന്നു. അതുവരെ ജില്ലാ കളക്ടർ ആരാണെന്നുപോലും അറിയാതിരുന്ന, ഏറ്റവും വലിയ ഉദ്യോഗസ്ഥൻ തഹസിൽദാർ ആണെന്ന് ധരിച്ചിരുന്ന കൃഷ്ണതേജയെ സുഹൃത്ത് ഒരു കോച്ചിങ്ങ് സെന്ററിൽ കൊണ്ടാക്കി. ആദ്യവട്ടം പരീക്ഷയിൽ തോറ്റപ്പോൾ ജോലി രാജിവെച്ച് വീണ്ടും പരിശ്രമിച്ചു. വീണ്ടും തോറ്റു. മൂന്നാം വട്ടവും ഐ. എ. എസ്. പരീക്ഷയിൽ തോറ്റപ്പോൾ അതുവരെ ഉണ്ടായിരുന്ന ആത്മവിശ്വാസം കുത്തനെ താഴോട്ടുപോയി. ഒരു മാസക്കാലം ഇതിന്റെ കാരണമന്വേഷിച്ചു. സുഹൃത്തുക്കളോട് ചോദിച്ചു. ഉത്തരം ലഭിച്ചില്ല. ജീവിതത്തിൽ ഇനിയൊരിക്കലും ഐ. എ. എസ്. ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം വീണ്ടും ഐ. ടി. കമ്പനിയിൽ ജോലിയ്ക്ക് കയറി. പിറ്റേദിവസം അദ്ദേഹത്തെ കാണാൻ മൂന്ന് നെഗറ്റീവ് സുഹൃത്തുക്കൾ എത്തി. അവർ പറഞ്ഞ ഉത്തരങ്ങളാണ് കൃഷ്ണതേജയെ വീണ്ടും ഐ. എ. എസ്. എഴുതാൻ പ്രേരിപ്പിച്ചത്. ആ സുഹൃത്തുക്കൾ ഐ. എ. എസ്. കിട്ടാത്തതിലെ സങ്കടം പങ്കുവെച്ചതിനുശേഷം കൃഷ്ണതേജയോടു പറഞ്ഞു. നിന്റെ കൈയക്ഷരം വളരെ മോശമാണ്, നിനക്ക് ചോദ്യങ്ങൾ വിവരിച്ചെഴുതാൻ കഴിയുന്നില്ല. മൂന്നാമത്തെ സുഹൃത്ത് പറഞ്ഞു. നിനക്ക് ഇന്റർവ്യൂവിൽ ഭംഗിയായി വിവരിച്ച് സംസാരിക്കാൻ കഴിയാത്തതാണ് കാരണം.

പരാജയ കാരണങ്ങൾ മനസ്സിലാക്കിയ അദ്ദേഹം ഐ. ടി. കമ്പനിയിലെ ജോലി രാജിവെച്ച് ഒരു വർഷം കൊണ്ട് ഈ മൂന്ന് സിദ്ധികളും നേടിയെടുത്തു. 25 വയസ്സിൽ കൈയക്ഷരം പരിശീലിച്ചു. ഐ. എ. എസ്. നേടിയവരെ നേരിൽകണ്ട് പഠിച്ചു. 365 ദിവസം പരീക്ഷകൾ എഴുതി. ഇന്റർവ്യൂകൾ എങ്ങനെ അഭിമുഖീകരിക്കാം എന്ന് മനസ്സിലാക്കി ഐ. എ. എസ്. കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. സംസാരം ശരിയാക്കി. നാലാം തവണ 66-ാം റാങ്ക് കരസ്ഥമാക്കി.

തോൽവികൾ ഒരിക്കലും ജീവിതത്തിന്റെ അവസാനമല്ല. തോൽവികളിലെ ചെറിയ കാരണങ്ങൾ കണ്ടെത്തിയാൽ ഉന്നതവിജയം നമുക്ക് നേടാം എന്ന് അദ്ദേഹം പറഞ്ഞുതന്നത് ജീവിതവിജയത്തിന്റെ പാഠമാണ്. ചെറിയ പിഴവുകൾ കണ്ടെത്തി ഉയർന്ന വിജയങ്ങൾ നേടാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നന്നായി പഠിക്കാനും പരീക്ഷയെ അഭിമുഖീകരിക്കാനും സാധിക്കട്ടെയെന്നാശംസിക്കുന്നു.

## ദൈവകൃപയും കൃപയുടെ ഭവനവും

പട്ടത്തച്ചൻ CMI

https://www.youtube.com/jerusalemretreatcentrelive/live

## സഹനപ്പൂക്കൾ

പട്ടത്തച്ചൻ CMI

https://www.youtube.com/jerusalemretreatcentrelive/live



## വിദ്യാർത്ഥികളുടെ ധ്യാനം

ഏപ്രിൽ 2 – 4 : Std. 9, 10
ഏപ്രിൽ 7 – 9 : Std. 6, 7, 8
ഏപ്രിൽ 22 : Std. 5
ഏപ്രിൽ 24 : LKG, UKG, Std. 1, 2, 3, 4
മെയ് 14 – 17 : Std. +1, +2



ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും

## ഈശോയുടെ കൂടെ

TO BE WITH JESUS [FOR YOUTH]

ഫാ. സിജോ തയ്യാലക്കൽ CMI

എല്ലാ യുവജനങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live



എല്ലാ ദിവസവും

## ദിവ്യകാരുണ്യ സൗഖ്യ ആരാധന

06.30 pm to 08.30 pm



## ജറുസലെം ശുശ്രൂഷകൾ മാർച്ച്

| | | |
|---|---|---|
| 2 | രോഗശാന്തിശുശ്രൂഷ | (09.30 pm - 1.00 pm) |
| 14 - 17 | ആത്മാഭിഷേക ധ്യാനം (തമിഴ്) | |
| 17 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 01.00 pm) |
| 19 - 20 | ഉപവാസവിടുതൽ ധ്യാനം | (08.30 am) |
| 26 - 30 | പീഡാനുഭവ ധ്യാനം (മലയാളം) | (08.30 am) |

| | |
|---|---|
| തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| ഏകദിന കൺവെൻഷൻ (വെള്ളിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| To be with Jesus | |
| യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm - 06.15 pm) |
| കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും | (09.00 am - 12.00 pm) |
| ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Retreat Booking No: 7025 152 530

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

## PRAYER LINE



Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും**
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിലേക്ക് [+91 8304 069 046] അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ

mmb/unionpress/ 9605 015 095